## 843

1 സ്വർഗ്ഗീയപിതാവേ നിൻ തിരുഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂവിലാക്കണേ
നിൻഹിതം ചെയ്തോനാം നിൻസുതനെപ്പോലെ
ഇന്നു ഞാൻ വരുന്നേ നിൻഹിതം ചെയ്‌വാൻ

എൻദൈവമേ നിന്നിഷ്ടം ചെയ്യുവാൻ
വന്നിടുന്നെ ഞാനിന്നു മോദമായ്
എന്റെ ഇഷ്ടമൊന്നും വേ ാ പ്രിയനെ
നിന്റെ ഇഷ്ടം എന്നിൽ പൂർണ്ണമാക്കണെ

2 നന്മയും പൂർണ്ണപ്രസാദവുമുള്ള നിൻഹിതമെന്തെന്നു ഞാനറിയുവാൻ
എൻമനം പുതുക്കി മാറിടുന്നു നിത്യം നിന്ദ്യമാണെനിക്കീ ലോകലാവണ്യം

3 ഞാനവനുള്ളം കയ്യിലിരിക്കയാൽ ആരുമില്ലെനിക്കു ദോഷം ചെയ്യുവാൻ
ഇന്നെനിക്കു വന്നു നേരിടുന്നതെല്ലാം തൻഹിതമാണെന്നു ഞാനറിയുന്നു

4 എൻതലയിലെ മുടികളുമെല്ലാം നിർണ്ണയമവനെണ്ണിയറിയുന്നു
ഒന്നതിൽ നിലത്തു വീണിടേണമെങ്കിൽ ഉന്നതനറിഞ്ഞേ സാദ്ധ്യായിടൂ-

5 യേശുക്രിസ്തുവിൻ ശരീരയാഗത്താൽ
ഉള്ളയിഷ്ടത്തിൽ ഞാൻ ശുദ്ധനായ്ത്തീർന്നു
ദൈവഇഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ
പൂർണ്ണ സഹിഷ്ണത ഏകണെ പ്രിയാ-

6 ആരുമറിയാത്ത ശ്രേഷ്ഠഭോജനം ഞാൻ ഭുജിച്ചു നിത്യം ജീവിച്ചിടുന്നു
എന്റെ രക്ഷകന്റെ ഇഷ്ടമെല്ലാം ചെയ്തു
വേല തികയ്ക്കുന്നതെന്റെ ആഹാരം-

7 എന്റെ കഷ്ടങ്ങൾ ദൈവം തരുന്നതാം
എന്റെ പ്രാണനെ ഞാൻ യാഗമാക്കുന്നു
എന്നെ തകർത്തിടാൻ താതനിഷ്ടമെങ്കിൽ
തൻഹിതമെന്നിൽ സമ്പൂർണ്ണമാകട്ടെ-

**P.P.M.**